മാരിടൈം ബോർഡ്

88 (1792) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരിടൈം ബോർഡ് സ്ഥാപിക്കാൻ നടത്തിയിട്ടുള്ള ശ്രമങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) മത്സ്യസമ്പത്ത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാനായി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന മാരിടൈം സൊസൈറ്റി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബില്ല് 17-12-2014-ൽ നിയമസഭ പാസാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.

(ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾമൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റേയും കപ്പൽ ഗതാഗത വകുപ്പിന്റേയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ എന്നിവ വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കൽ എന്നിവയാണ് മാരിടൈം ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഉപരിതല ജലഗതാഗത മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലാത്തതിനാൽ പല പദ്ധതികളും പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുണ്ട്. മാരിടൈം ബോർഡ് നിലവിൽ വന്നാൽ ഈ മേഖലയിലെ എല്ലാ പദ്ധതികളുടേയും മേൽനോട്ടം ബോർഡിനായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ തീരദേശ സുരക്ഷയും ഗൗരവമേറിയ കാര്യമാണ്. തുറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാന മാരിടൈം ബോർഡിന് സാധ്യമാകും. ഇതിനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

(സി&ഡി) കേരള മാരിടൈം ബോർഡ് ബിൽ ആർട്ടിക്കിൾ 25 പ്രകാരം നോൺ മേജർ തുറമുഖങ്ങളുടെ ചാനലും ബേസിനും ഉപയോഗിക്കുന്ന എല്ലാ മത്സ്യബന്ധന ബോട്ടുകളും ബോർഡിന്റെ നിയന്ത്രണത്തിൽ ആയിരിക്കും. എന്നാൽ മത്സ്യമേഖലയുടെ പ്രവർത്തനങ്ങൾ ബോർഡിന്റെ പരിധിയിൽ വരുന്നില്ല.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തനക്ഷമമാക്കുന്ന വേളയിലെ തൊഴിൽ നഷ്ടപരിഹാരം

89 (1793) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടി ദേശീയ പാത, റെയിൽ ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് നീക്കം ചെയ്യപ്പെട്ട ചീനവല, ഊന്നിവല എന്നിവയുടെ ഉടമകൾക്ക് തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വിശദീകരിക്കാമോ ; നഷ്ടപരിഹാരത്തിന് അർഹരായവർ എത്ര പേരെന്നും ഇതിന് ആവശ്യമായി വരുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരത്തുക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) തുക വിതരണം ചെയ്യുന്നതിന് കാലതാമസം എന്തുകൊണ്ടെന്നും ഇക്കാര്യത്തിൽ തടസ്സമുണ്ടെങ്കിൽ എന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടിയുള്ള റെയിൽ, റോഡ് കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് തൊഴിൽ/തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2,05,39,735 രൂപയുടെ നഷ്ടപരിഹാര പാക്കേജാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഈ പാക്കേജ്

LIBRARY ARCHIVES Kerala Legislative Assembly